"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഹോമിയോപ്പതി വകുപ്പ് - കാലോചിതമായി പരിഷ്‌ക്കരിച്ച പൗരാവകാശ രേഖ അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആയുഷ് (സി) വകുപ്പ്**

സ.ഉ.(സാധാ) നം.177/2026/AYUSH    തീയതി, തിരുവനന്തപുരം, 15-03-2026

---

പരാമർശം:- (1) ഉദ്യോഗസ്ഥ ഭരണപരിഷ്ക്കാര (എ ആർ12) വകുപ്പിന്റെ 20/11/2022-ലെ എ.ആർ 12-1/100/2022/ഉഭപവ - നമ്പർ സർക്കുലർ.

(2) ഹോമിയോപ്പതി വകുപ്പ് മേധാവിയുടെ 28/07/2025-ലെ DHTVM/2186/2022-P3 - നമ്പർ കത്ത്.

**ഉത്തരവ്**

എല്ലാ സർക്കാർ വകുപ്പുകളും സ്ഥാപനങ്ങളും അവരുടെ നിലവിലുള്ള പൗരാവകാശരേഖ കാലോചിതമായി പരിഷ്കരിച്ച് മലയാളത്തിൽ തയ്യാറാക്കി ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് പരാമർശം-(1) പ്രകാരം നിർദ്ദേശം നൽകിയിരുന്നു. ഇതനുസരിച്ച്, ഹോമിയോപ്പതി വകുപ്പിന്റെ നിലവിലുള്ള പൗരാവകാശരേഖ കാലോചിതമായി പരിഷ്കരിച്ച് പ്രസിദ്ധീകരിക്കുന്നതിനായി തയ്യാറാക്കിയ കരട് പൗരാവകാശരേഖ ഹോമിയോപ്പതി വകുപ്പ് മേധാവി സർക്കാരിന്റെ അംഗീകാരത്തിനായി പരാമർശം-(2) പ്രകാരം സമർപ്പിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഹോമിയോപ്പതി വകുപ്പ് മേധാവി പരാമർശം-(2) പ്രകാരം ലഭ്യമാക്കിയ കാലോചിതമായി പരിഷ്കരിച്ച പൗരാവകാശരേഖ, ഇതോടൊപ്പം ചേർത്ത്, അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

അംഗീകരിച്ച പൗരാവകാശരേഖ മലയാളത്തിൽ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി ഹോമിയോപ്പതി വകുപ്പ് മേധാവി ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**SEEMA S**

ജോയിന്റ് സെക്രട്ടറി

1. ഹോമിയോപ്പതി വകുപ്പ് മേധാവി, തിരുവനന്തപുരം.

2. എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും (ഹോമിയോ).
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
4. വിവര-പൊതുജന സമ്പർക്ക (വെബ്&ന്യൂമീഡിയ) വകുപ്പ്.
5. കരുതൽ ശേഖരം/ഓഫീസ് പകർപ്പ്. (AYU-C2/170/2025-AYUSH)

ഉത്തരവിൻ പ്രകാരം,

Signed by
Pradeep R S
Date: 15-03-2026 13:33:14

സെക്ഷൻ ഓഫീസർ

# പൗരാവകാശ രേഖ

## ഹോമിയോപ്പതി വകുപ്പ് ഡയറക്ടറുടെ കാര്യാലയം
## കിഴക്കേകോട്ട
## തിരുവനന്തപുരം - 695023


**തപാൽ അഡ്രസ്സ്**

ഹോമിയോപ്പതി വകുപ്പ് ഡയറക്ടറുടെ കാര്യാലയം
കിഴക്കേകോട്ട പി ഒ, തിരുവനന്തപുരം.
പിൻ-695023.

**ഫോൺ നമ്പർ**

0471-2471428
0471-2470342

**ഇ മെയിൽ അഡ്രസ്സ്**

directorhomoeo@kerala.gov.in
directorhomoeokerala@gmail.com

**വെബ് സൈറ്റ് അഡ്രസ്സ്**

https://homoeopathy.kerala.gov.in

# ആമുഖം

18-ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ജർമൻ ഡോക്ടറായ സാമുവൽ ഹാനിമാൻ രൂപപ്പെടുത്തിയ ചികിത്സാ സമ്പ്രദായമാണ് ഹോമിയോപ്പതി. പാർശ്വഫലങ്ങളില്ലാത്തതും ഫലപ്രദവുമായ ഈ ചികിത്സ രീതി അതിവേഗം ലോകമെമ്പാടും സ്വീകരിക്കപ്പെട്ടു. 1839 കാലഘട്ടത്തിൽ ഇന്ത്യയിൽ ഹോമിയോപ്പതി ചികിത്സ പ്രചാരം നേടിത്തുടങ്ങി. കേരളത്തിലും ഈ കാലയളവിൽ ഹോമിയോപ്പതി പ്രാക്ടീസ് ആരംഭിച്ചിരുന്നു. ശ്രീമൂലം പ്രജാസഭയിൽ അംഗമായിരുന്ന ഡോ.എം.എൻ.പിള്ള 1928-ൽ സഭയിൽ അവതരിപ്പിച്ച പ്രമേയം പാസ്സായതോടെ കേരളത്തിൽ ഹോമിയോപ്പതിക്ക് ഔദ്യോഗിക അംഗീകാരം ലഭിച്ചു.

1943-ൽ പാസ്സാക്കിയ മെഡിക്കൽ പ്രാക്ടീഷണേഴ്സ് ബില്ലിൽ ഹോമിയോപ്പതിയും ഉൾപ്പെടുത്തിയിരുന്നു. 1953-ൽ തിരുവിതാംകൂർ-കൊച്ചി മെഡിക്കൽ പ്രാക്ടീഷണേഴ്സ് ആക്ടിൽ മറ്റു വൈദ്യ വിഭാഗങ്ങളോടൊപ്പം തുല്യപദവി നൽകി ഹോമിയോപ്പതിയെ ഉൾപ്പെടുത്തി. കേരള സംസ്ഥാനം രൂപം കൊണ്ട ശേഷം നിലവിൽ വന്ന ആദ്യ ഇ.എം.എസ് മന്ത്രിസഭയിൽ ആരോഗ്യ മന്ത്രിയായിരുന്ന ഡോ.എ.ആർ.മേനോൻ സർക്കാർ ഉടമസ്ഥതയിൽ ഹോമിയോ ഡിസ്പെൻസറികൾ സ്ഥാപിക്കാൻ മുൻകൈ എടുക്കുകയും 1958-ൽ ആദ്യ ഗവ.ഹോമിയോ ഡിസ്പെൻസറി തിരുവനന്തപുരത്തു ആരംഭിക്കുകയും ചെയ്തു. ഇന്ത്യയിൽ തന്നെ സർക്കാർ തലത്തിൽ ആരംഭിച്ച ആദ്യത്തെ ഹോമിയോ ഡിസ്പെൻസറിയാണ് ഇത്. 1964-ൽ സർക്കാർ മേഖലയിൽ ആദ്യത്തെ കിടത്തി ചികിത്സയുള്ള ആശുപത്രി കോട്ടയത്ത് പ്രവർത്തനമാരംഭിച്ചു.

ഭാരതീയ ചികിത്സാ വകുപ്പിനൊപ്പം ഇൻഡിജീനസ് മെഡിസിന് കീഴിൽ പ്രവർത്തിച്ചുവന്ന ഹോമിയോപ്പതിക്ക് ഭരണ സൗകര്യത്തിനായി പ്രത്യേകമായി ഒരു അസിസ്റ്റന്റ് ഡയറക്ടറേറ്റ് 1968-ൽ രൂപീകൃതമായി. ഹോമിയോപ്പതി സ്ഥാപനങ്ങളുടെ ഭരണ നിർവ്വഹണത്തിനായി 1973 ഏപ്രിൽ 10 ന് സർക്കാർ ഉത്തരവ് (എം.എസ്)101/73/ആ.കു.വ, തീയതി 21.04.1973 പ്രകാരം ഹോമിയോപ്പതി വകുപ്പ് രൂപീകൃതമായി. ഹെൽത്ത് ആൻഡ് ഫാമിലി വെൽഫെയർ ഡിപ്പാർട്ട്മെന്റിന് കീഴിലായിരുന്ന ഹോമിയോപ്പതി വകുപ്പ് 2015 മുതൽ ആയുഷ് വകുപ്പിന് കീഴിലാണ് പ്രവർത്തിക്കുന്നത്. 1980-ൽ എല്ലാ ജില്ലകളിലും ജില്ലാ മെഡിക്കൽ ഓഫീസുകൾ ആരംഭിച്ചു. ഇന്ന് വകുപ്പിന് കീഴിൽ 709 സർക്കാർ ഹോമിയോ ഡിസ്പെൻസറികളും, 34

ആശുപത്രികളും ഉണ്ട്. 409 എൻ. എച്ച്. എം -, എ.പി.എച്ച്.സി ഡിസ്പെൻസറികൾ, 29 എസ്.സി. പി ഡിസ്പെൻസറികൾ എന്നിവയും പ്രവർത്തിക്കുന്നുണ്ട്.

സാധാരണക്കാർക്ക് ഗുണമേന്മയുള്ള ചികിത്സയും രോഗ പ്രതിരോധ സംവിധാനങ്ങളും ഒരുക്കുക എന്നതാണ് ഹോമിയോപ്പതി വകുപ്പിന്റെ പ്രധാന ലക്ഷ്യങ്ങളിലൊന്ന്. ഇതിനായി വകുപ്പിന്റെ കീഴിൽ സുസജ്ജമായ ഹോമിയോപ്പതി ആരോഗ്യ പരിരക്ഷാ സ്ഥാപനങ്ങൾ ആരംഭിക്കുകയും പരിപാലിക്കുകയും ചെയ്തുവരുന്നു. സാംക്രമികരോഗങ്ങളും സാംക്രമികേതരരോഗങ്ങളും തടയുന്നതിനുള്ള സമയോചിതവും ഫലപ്രദവുമായ ഇടപെടലുകൾ നടത്തുക, ഗവേഷണങ്ങളിലൂടെ രോഗചികിത്സക്കും പ്രതിരോധത്തിനുമുള്ള നൂതന മാർഗ്ഗങ്ങൾ രൂപപ്പെടുത്തുക എന്നിവയും പ്രധാന ലക്ഷ്യങ്ങളിൽപെടുന്നു. ജീവനക്കാരുടെ കാര്യക്ഷമത മെച്ചപ്പെടുത്തുകവഴി വകുപ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുവാനായി വിവിധ ട്രെയിനിംഗ് പരിപാടികളും ക്ലാസ്സുകളും സംഘടിപ്പിച്ചുവരുന്നു. ഹോമിയോപ്പതി ചികിത്സയുടെ മേന്മകളെക്കുറിച്ച് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുക എന്നതും വകുപ്പിന്റെ ലക്ഷ്യങ്ങളിൽപ്പെടുന്നു.

വിവിധ കുടുംബപ്രശ്നങ്ങൾ നേരിടുന്ന സ്ത്രീകൾക്കും കുട്ടികൾക്കും ചികിത്സയും ആവശ്യമായ നിയമോപദേശവും സൈക്കോളജി കൺസൾട്ടേഷനും ലഭ്യമാക്കുന്ന പദ്ധതിയായ 'സീതാലയം', കുട്ടികളുടെ പഠന-സ്വഭാവവൈകല്യങ്ങൾ കണ്ടെത്തി ചികിത്സ, കൗൺസിലിംഗ് എന്നിവ നൽകുന്ന 'സദ്ഗമയ', വന്ധ്യതാ ചികിത്സയ്ക്കായുള്ള 'ജനനി', ജീവിത ശൈലി രോഗങ്ങൾക്കായി 'ആയുഷ്മാൻ ഭവ' കൂടാതെ പെയിൻ ആൻഡ് പാലിയേറ്റീവ് യൂണിറ്റ്, അലർജി ആസ്ത്മ ക്ലിനിക്, തൈറോയ്ഡ് സ്പെഷ്യാലിറ്റി ക്ലിനിക്, വയോജന പരിപാലന കേന്ദ്രം എന്നിങ്ങനെ വിവിധ സ്പെഷ്യാലിറ്റി സെന്ററുകൾ വകുപ്പിന് കീഴിൽ പ്രവർത്തിച്ചു വരുന്നു. നാഷണൽ ആയുഷ് മിഷന്റെ സഹകരണവും ഈ പദ്ധതികൾക്ക് ലഭ്യമാകുന്നുണ്ട്. വെള്ളത്താൽ ചുറ്റപ്പെട്ട സ്ഥലങ്ങളിൽ സേവനങ്ങൾ ലഭ്യമാക്കുന്നതിനായി ഫ്ളോട്ടിംഗ് ഡിസ്പെൻസറികൾ, ആദിവാസി മേഖലയിലെ ജനങ്ങൾക്ക് മികച്ച ചികിത്സ ലഭ്യമാക്കുന്നതിനായി ട്രൈബൽ മൊബൈൽ ഡിസ്പെൻസറികൾ, തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിൽ ഉത്സവങ്ങളോടനുബന്ധിച്ച് താൽക്കാലിക ഹോമിയോ ഡിസ്പെൻസറികൾ എന്നിവ വകുപ്പിന് കീഴിൽ പ്രവർത്തിച്ചുവരുന്നു.

2013-ൽ ഇന്ത്യയിലെ ആദ്യ ഹോമിയോപ്പതി പാലിയേറ്റീവ് സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ മലപ്പുറം ജില്ലയിലെ വണ്ടൂരിൽ പ്രവർത്തനമാരംഭിച്ചു. 2017-ൽ കണ്ണൂർ 'ജനനി' വന്ധ്യതാ ചികിത്സാ കേന്ദ്രം മികവിന്റെ കേന്ദ്രമായി സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചു.

2018-ൽ ട്രൈബൽ മേഖലയിൽ ഇന്ത്യയിൽ ആദ്യമായി കിടത്തി ചികിത്സയോടുകൂടിയ ഹോമിയോപ്പതി ആശുപത്രി കണ്ണൂർ ആറളം ഫാമിൽ ആരംഭിച്ചു.

ഹോമിയോപ്പതി വകുപ്പ് ആശുപത്രികൾ, ഡിസ്പെൻസറികൾ എന്നിവയിലൂടെ നൽകുന്ന സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിന് ഡിജിറ്റൽ സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച വെബ് അധിഷ്ഠിത ആപ്ലിക്കേഷൻ (സോഫ്റ്റ്‌വെയർ ഓട്ടോമേഷൻ & മാനേജ്മെന്റ് സിസ്റ്റം) ആണ് AHIMS (ആയുഷ് ഹോമിയോപ്പതി ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം) 2020-ൽ പ്രവർത്തനം ആരംഭിച്ച AHIMS version 1, 2023-ൽ കൂടുതൽ അപ്ഡേഷനുകൾ ഉൾപ്പെടുത്തി AHIMS 2.0 ആയി റോൾ ഔട്ട് ചെയ്തു. ഹോമിയോപ്പതി സയന്റിഫിക് റിസർച്ചുകൾക്കായി HEART എന്ന പേരിൽ ഗവേഷണ വിഭാഗം പ്രവർത്തിച്ചു വരുന്നു. നിലവിലുള്ള സ്ഥാപനങ്ങളെ മികച്ച നിലവാരത്തിലേക്ക് ഉയർത്തുവാനുള്ള നടപടികളും വകുപ്പ് സ്വീകരിച്ചു. 102 സ്ഥാപനങ്ങൾക്ക് NABH എൻട്രി ലെവൽ അക്രെഡിറ്റേഷൻ ലഭിച്ചിട്ടുണ്ട്. നിലവിൽ കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും ഹോമിയോപ്പതി ഡിസ്പെൻസറികൾ പ്രവർത്തിക്കുന്നുണ്ട്. ഹോമിയോപ്പതി ഔഷധ നിർമ്മാണ ശാലയായ ഹോംകോ എന്ന പൊതുമേഖലാ സ്ഥാപനം 1975 മുതൽ ആലപ്പുഴയിൽ പ്രവർത്തിച്ചുവരുന്നു.

കേന്ദ്ര സർക്കാറിന്റെ ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് 2010 പ്രകാരം കേരള സർക്കാർ രൂപീകരിച്ച കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് 2018 (രജിസ്ട്രേഷൻ ആൻഡ് റെഗുലേഷൻ) അനുസരിച്ച് ഹോമിയോപ്പതി ഉൾപ്പെടുന്ന പൊതു-സ്വകാര്യ മേഖലകളിലെ അംഗീകൃത മെഡിസിൻ സിസ്റ്റങ്ങളിലെ ക്ലിനിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷനും നിയന്ത്രണവും ചെയ്തു വരുന്നു. ഇതിൽ വകുപ്പിന്റെ ഉടമസ്ഥതയിലുള്ളതോ നിയന്ത്രിക്കുന്നതോ കൈകാര്യം ചെയ്യുന്നതോ ആയ എല്ലാ സ്ഥാപനങ്ങളും ഉൾപ്പെടുന്നു. വകുപ്പിലെ ജീവനക്കാർക്ക് ബാധകമായിട്ടുള്ള സ്പെഷ്യൽ റൂളുകൾ (i) കേരള സ്റ്റേറ്റ് ഹോമിയോപ്പതി സർവ്വീസസ് സ്പെഷ്യൽ റൂൾ [G.O.(P)No.17/2018/AYUSH, തീയതി 13-09-2018], (ii) കേരള ഹോമിയോപ്പതി സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾ, [G.O. (P) No.441/2011/H&FWD, തീയതി 29-07-2011], കേരള ഹോമിയോപ്പതി സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾ G.O.(P) No. 441/2011/H&FWD, തീയതി 29-07-2011-ന്റെ ഭേദഗതി ഉത്തരവ് [G.O.(P) No.14/2018/AYUSH, തീയതി 06-07-2018] എന്നിവയാണ്.

## ഓർഗനൈസേഷൻ ചാർട്ട്




## രൂപഘടന

### ഭരണനിർവഹണം

| ക്രമ നം | സ്ഥാപനം | എണ്ണം |
|---|---|---|
| 1 | ഡയറക്ടറേറ്റ് | 1 |
| 2 | ജില്ലാ മെഡിക്കൽ ഓഫീസ് | 14 |

### ആരോഗ്യ സേവന സ്ഥാപനങ്ങൾ

| ക്രമ നം | സ്ഥാപനം | എണ്ണം |
|---|---|---|
| 1 | ആശുപത്രി | 34 |
| 2 | ഡിസ്പെൻസറി | 709 |
| 3 | ആയുഷ് പ്രൈമറി ഹെൽത്ത് സെന്റർ (നാഷണൽ ഹെൽത്ത് മിഷൻ) | 409 |
| 4 | എസ്.സി.പി.ഡിസ്പെൻസറി | 29 |
| | ആകെ | 1181 |

മനുഷ്യ വിഭവശേഷി

| | വിവിധ കേഡറിലുള്ള ഉദ്യോഗസ്ഥരുടെ എണ്ണം | |
|---|---|---|
| | **അഡ്മിനിസ്ട്രേഷൻ** | |
| 1 | ഹോമിയോപ്പതി ഡയറക്ടർ | 1 |
| 2 | ഡെപ്യൂട്ടി ഡയറക്ടർ | 1 |
| 3 | അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ | 1 |
| 4 | അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് | 1 |
| 5 | ജില്ലാ മെഡിക്കലാഫീസർ | 14 |
| 6 | ടെക്നിക്കൽ അസിസ്റ്റന്റ് | 1 |
| | **മിനിസ്റ്റീരിയൽ** | |
| 7 | സീനിയർ സൂപ്രണ്ട്/ലേ സെക്രട്ടറി | 17 |
| 8 | ജൂനിയർ സൂപ്രണ്ട് | 2 |
| 9 | ഹെഡ്ക്ലാർക്ക് | 1 |
| 10 | ക്ലാർക്ക്/സീനിയർ ക്ലാർക്ക് | 74 |
| 11 | ക്ലാർക്ക് ടൈപ്പിസ്റ്റ് | 8 |
| 12 | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | 1 |
| 13 | ടൈപ്പിസ്റ്റ് | 16 |
| 14 | ഡ്രൈവർ/ഡ്രൈവർ കം ഒ.എ | 6 |
| | **മെഡിക്കൽ** | |
| 15 | ആശുപത്രി സൂപ്രണ്ട് | 30 |
| 16 | ചീഫ് മെഡിക്കലാഫീസർ | 127 |
| 17 | മെഡിക്കലാഫീസർ | 624 |
| 18 | റസിഡന്റ് മെഡിക്കലാഫീസർ | 32 |
| | **പാരാമെഡിക്കൽ** | |
| 19 | നേഴ്സിംഗ് സൂപ്രണ്ട് | 2 |
| 20 | നേഴ്സ് | 102 |
| 21 | ലാബ് ടെക്നീഷ്യൻ | 14 |
| 22 | ഫാർമസിസ്റ്റ് | 603 |
| 23 | അറ്റൻഡർ | 480 |
| 24 | ഡിസ്പെൻസർ | 91 |
| 25 | നേഴ്സിംഗ് അസിസ്റ്റന്റ് | 88 |
| 26 | ലാബ് അറ്റൻഡർ | 14 |
| 27 | സ്റ്റോർ അറ്റൻഡർ | 3 |
| 28 | റെക്കോർഡ് അറ്റൻഡർ | 1 |

| ക്ലാസ് IV വിഭാഗം | | |
|---|---|---|
| 29 | ആഫീസ് അറ്റൻഡന്റ് | 113 |
| 30 | നൈറ്റ് വാച്ചർ | 3 |
| 31 | ക്ലീനർ | 34 |
| 32 | സ്വീപ്പർ കം പ്യൂൺ | 75 |
| 33 | സ്വീപ്പർ കം സാനിറ്റേഷൻ വർക്കർ | 6 |
| 34 | വാച്ചർ കം പ്യൂൺ | 4 |
| 35 | കുക്ക് | 34 |
| 36 | വാച്ചർ കം സ്വീപ്പർ | 16 |
| 37 | സാനിറ്റേഷൻ വർക്കർ | 2 |
| 38 | പി റ്റി എസ് | 400 |

## ആരോഗ്യ സേവന സ്ഥാപനങ്ങൾ ജില്ല തിരിച്ചുള്ള കണക്ക്

| സ്ഥാപനങ്ങളുടെ ജില്ല തിരിച്ചുള്ള കണക്ക് | ആശുപത്രികൾ | | ഡിസ്പെൻസറികൾ | ആയുഷ് പ്രൈമറി ഹെൽത്ത് സെന്റർ | എസ്.സി.പി. ഡിസ്പെൻസറി |
|---|---|---|---|---|---|
| | എണ്ണം | കിടക്കകൾ | | | |
| തിരുവനന്തപുരം | 4 | 185 | 67 | 27 | 0 |
| കൊല്ലം | 3 | 75 | 48 | 33 | 3 |
| പത്തനംതിട്ട | 1 | 10 | 35 | 22 | 0 |
| ആലപ്പുഴ | 3 | 75 | 52 | 27 | 0 |
| കോട്ടയം | 3 | 175 | 54 | 25 | 0 |
| ഇടുക്കി | 2 | 50 | 38 | 24 | 2 |
| എറണാകുളം | 3 | 85 | 65 | 38 | 3 |
| തൃശ്ശൂർ | 1 | 25 | 60 | 37 | 8 |
| പാലക്കാട് | 1 | 25 | 67 | 28 | 3 |
| മലപ്പുറം | 4 | 70 | 67 | 36 | 4 |
| കോഴിക്കോട് | 3 | 75 | 60 | 24 | 3 |
| വയനാട് | 1 | 25 | 20 | 19 | 1 |
| കണ്ണൂർ | 2 | 35 | 49 | 50 | 2 |
| കാസർഗോഡ് | 3 | 75 | 27 | 19 | 0 |
| ആകെ | 34 | 985 | 709 | 409 | 29 |

## ഭരണനിർവഹണ സംവിധാനം

| | | |
|---|---|---|
| 1. | ഹോമിയോപ്പതി ഡയറക്ടറേറ്റ് | ഹോമിയോപ്പതി വകുപ്പിന്റെ സംസ്ഥാന ആസ്ഥാനം, തിരുവനന്തപുരം |
| 2. | ജില്ലാ മെഡിക്കൽ ഓഫീസുകൾ | ഹോമിയോപ്പതിയുടെ ജില്ലാ ആസ്ഥാനം |
| | | 14 ജില്ലകളിൽ |
| 3. | സർക്കാർ ഹോമിയോപ്പതി ആശുപത്രികൾ | 34 ആശുപത്രികൾ |
| | | 1) ജില്ലാ ആശുപത്രികൾ - 14 എണ്ണം |
| | | 2) പെയിൻ ഏന്റ് പാലിയേറ്റീവ് കാൻസർ കെയർ സെന്റർ, വണ്ടൂർ, മലപ്പുറം |
| | | 3) ഗവ. ഹോമിയോ ആശുപത്രി, ആറളം ഫാം (ട്രൈബൽ കോളനി, ആറളം ഫാം) കണ്ണൂർ-1 |
| | | 4) മറ്റുള്ളവ - 18 എണ്ണം |
| 4. | സർക്കാർ ഹോമിയോ ഡിസ്പെൻസറികൾ | 709 എണ്ണം |
| 5. | സെൻട്രൽ മെഡിക്കൽ സ്റ്റോർ | 1 (തിരുവനന്തപുരം) |
| 6. | ജില്ലാ മെഡിക്കൽ സ്റ്റോർ | 13 എണ്ണം |

## ആരോഗ്യ സേവന സ്ഥാപനങ്ങൾ നൽകുന്ന സേവനങ്ങൾ/പ്രവർത്തനങ്ങൾ

| സ്ഥാപനം | നൽകുന്ന സേവനങ്ങൾ/ പ്രവർത്തനങ്ങൾ |
|---|---|
| ഡിസ്പെൻസറി | ഒ.പി ചികിത്സ, പ്രതിരോധ ചികിത്സ, പൊതുജനാരോഗ്യ പ്രവർത്തനങ്ങൾ, ആരോഗ്യ ബോധവൽക്കരണ പരിപാടികൾ, മെഡിക്കൽ ക്യാമ്പുകൾ, പ്രാഥമിക സാന്ത്വന പരിചരണം. |
| ആശുപത്രി | ഒ.പി ചികിത്സ, ഐ പി ചികിത്സ, പ്രതിരോധ ചികിത്സ, വിവിധ സ്പെഷ്യൽ ഒ.പികൾ, ആരോഗ്യ ബോധവൽക്കരണ പരിപാടികൾ, മെഡിക്കൽ ക്യാമ്പുകൾ, 14 ജില്ലാ ആശുപത്രികളിൽ പ്രാഥമിക, ദ്വിതീയ സാന്ത്വന പരിചരണം. |

### വകുപ്പിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ

പൊതുജനങ്ങളുടെ ചികിത്സാപരവും, രോഗപ്രതിരോധപരവും സാന്ത്വനചികിത്സാപരവും ആയ ആരോഗ്യാവശ്യങ്ങൾ ഹോമിയോപ്പതിയിലൂടെ നിറവേറ്റുവാനുള്ള സാഹചര്യം വകുപ്പ് ഒരുക്കുന്നു. പ്രധാനലക്ഷ്യങ്ങൾ താഴെ ചേർക്കുന്നു.

1) പ്രാപ്യവും താങ്ങാൻ പറ്റുന്നതും സമഗ്രവും ഫലപ്രദവും മികച്ചതും നീതിയുക്തവുമായ ആരോഗ്യപരിചരണം ജനങ്ങൾക്ക് നൽകുന്നതിനായി മികച്ച രീതിയിൽ സുസജ്ജമായ ഹോമിയോപ്പതി ആരോഗ്യ പരിരക്ഷാ സ്ഥാപനങ്ങൾ ആരംഭിക്കുകയും പരിപാലിക്കുകയും ചെയ്യുക.
2) ആരോഗ്യപരിചരണത്തിൽ അംഗീകൃതമായ ദേശീയ നിലവാരത്തിന് ഉതകുന്ന രീതിയിൽ സ്ഥാപനങ്ങൾ നിലവാരവൽക്കരിക്കൽ

3) ഫലപ്രദമായ ഭരണനിർവഹണം, പ്രൊഫഷണലായ സമീപനം, വിദഗ്ധമായ മാനേജ്മെന്റ് എന്നിവയിലൂടെ ഹോമിയോപ്പതി സ്ഥാപനങ്ങളിലെല്ലാം മരുന്നുകൾ, സാധനങ്ങൾ, ജീവനക്കാർ, സാമഗ്രികൾ, സേവനം എന്നിവയുടെ നിരന്തരലഭ്യത ഉറപ്പുവരുത്തൽ.
4) കൃത്യമായ ഇടവേളകളിൽ അറ്റകുറ്റപ്പണികൾ ഉറപ്പുവരുത്തലും സൗകര്യങ്ങൾ മെച്ചപ്പെടുത്തലും.
5) അറിവ്, കഴിവുകൾ, മനോഭാവം എന്നിവ കാലാനുസൃതമായി പരിഷ്കരിക്കുന്നതിനുള്ള സാങ്കേതികതകൾ/ഉപകരണങ്ങൾ എന്നിവ തുടർ മെഡിക്കൽ വിദ്യാഭ്യാസപരിപാടികളിലൂടെ (CME) ഉപയുക്തമാക്കിക്കൊണ്ട് ജീവനക്കാരെ പ്രചോദിപ്പിക്കുകയും അവരുടെ കാര്യക്ഷമത മെച്ചപ്പെടുത്തുകയും ചെയ്യൽ.
6) സാംക്രമികരോഗങ്ങളും സാംക്രമികേതരരോഗങ്ങളും തടയുന്നതിനുള്ള സമയോചിതവും ഫലപ്രദവുമായ ഇടപെടലുകൾക്കായി വകുപ്പിനെ സജ്ജമാക്കുക.
7) സമൂഹത്തിൽ അടിസ്ഥാനസൗകര്യങ്ങൾ നിഷേധിക്കപ്പെട്ടവർ, ഭിന്നശേഷിക്കാർ, പാർശ്വവൽക്കരിക്കപ്പെട്ടവർ എന്നിങ്ങനെയുള്ള വിഭാഗങ്ങളുടെ ക്ഷേമത്തിന് വേണ്ടി വകുപ്പിന്റെ പ്രത്യേക പദ്ധതികൾ സമ്പുഷ്ടമാക്കുക.
8) ഗവേഷണങ്ങളിലൂടെ രോഗചികിത്സ, പ്രതിരോധചികിത്സ എന്നിവ കൈകാര്യം ചെയ്യുന്നതിന് പുതിയ പ്രയോഗരീതികൾ അന്വേഷിച്ച് കണ്ടെത്തുക.
9) വകുപ്പുതല പ്രവർത്തനങ്ങളെക്കുറിച്ച് തെളിവ് അടിസ്ഥാനമാക്കിയുള്ള പഠനങ്ങൾ, കൃത്യമായ ഡോക്യുമെന്റേഷൻ, പ്രസിദ്ധീകരിക്കൽ, ഗവേഷണം, സ്ഥിതിവിവരക്കണക്കുകളുടെ വിശകലനവും പരിശോധനയും എന്നിവ പ്രോത്സാഹിപ്പിക്കൽ.
10) വകുപ്പിന്റെ പ്രവർത്തനങ്ങളിലൂടെ ഹോമിയോപ്പതി ചികിത്സയുടെ മേന്മകളെക്കുറിച്ച് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കൽ.

## ഹോമിയോപ്പതി ഡയറക്ടറേറ്റ്

ഹോമിയോപ്പതി ഡയറക്ടർ മേധാവിയായിട്ടുള്ള ഹോമിയോപ്പതി ഡയറക്ടറേറ്റാണ് വകുപ്പിന്റെ സംസ്ഥാനതല ആസ്ഥാനം. വകുപ്പിന്റെ എല്ലാ പ്രവർത്തനങ്ങളും ഏകോപിപ്പിക്കുന്നത് ഹോമിയോപ്പതി ഡയറക്ടറേറ്റ് ആണ്. പ്ലാൻ പ്രവർത്തനങ്ങൾ തയ്യാറാക്കലും നിർവഹണം നടത്തലും പരിശീലനങ്ങളുടെയും പുനർ ദിശാബോധം നൽകുന്ന പരിപാടികളുടെയും ഏകോപനവും നടത്തി വരുന്നു. ഹോമിയോപ്പതിയിലെ ഗവേഷണ വികസനപ്രവർത്തനങ്ങൾക്ക് (R&D) നേതൃത്വം നൽകി വരുന്നു.

പ്രവൃത്തി സമയം - പ്രവൃത്തിദിവസങ്ങളിൽ രാവിലെ 10.15 മുതൽ വൈകുന്നേരം 5.15 വരെ

# സർക്കാർ ഹോമിയോപ്പതി ആശുപത്രികൾ

## ഒ.പി. പ്രവർത്തനസമയം

എല്ലാ ദിവസവും രാവിലെ 9 മുതൽ ഉച്ചയ്ക്ക് ശേഷം 2 വരെ

## ആശുപത്രികളുടെ സേവനങ്ങളും പ്രവർത്തനവും

ആരോഗ്യവുമായി ബന്ധപ്പെട്ട് ചികിത്സാപരവും, രോഗപ്രതിരോധപരവും ആരോഗ്യാഭിവൃദ്ധിപരവും സാന്ത്വനചികിത്സാപരവും ആയ ആരോഗ്യസേവനങ്ങൾ ലഭ്യമാക്കുന്ന സ്ഥാപനങ്ങളാണ് ഹോമിയോപ്പതി ആശുപത്രികൾ.

- ഒ.പി., കിടത്തിചികിത്സാ വിഭാഗങ്ങളിലൂടെ പൊതുജനങ്ങൾക്ക് ഹോമിയോപ്പതി വൈദ്യപരിചരണം ലഭ്യമാക്കുക.
- പകർച്ചവ്യാധികൾ തടയുന്നതിനായി പ്രതിരോധനടപടികൾ സ്വീകരിക്കുന്നു.
- ഹോമിയോപ്പതി വകുപ്പിന് കീഴിലെ വിവിധ സ്പെഷ്യാലിറ്റി പ്രൊജക്ടുകളുടെ നിർവഹണം നടത്തുന്നു.
- മെഡിക്കൽ ക്യാംപുകളും പ്രതിരോധ ക്യാംപുകളും നടത്തുന്നു.
- പൊതുജനങ്ങൾക്കിടയിൽ സാംക്രമികേതര രോഗങ്ങൾ, ആരോഗ്യം, ശുചിത്വം എന്നിവയെക്കുറിച്ചുള്ള അവബോധം സൃഷ്ടിക്കുന്നു.
- ദുരന്തങ്ങളുണ്ടാകുന്ന സന്ദർഭങ്ങളിൽ വൈദ്യസഹായം എത്തിക്കുന്നു.
- പ്രദേശവാസികൾക്കിടയിൽ ആരോഗ്യ അവബോധം/വ്യക്തിശുചിത്വബോധം എന്നിവ സൃഷ്ടിക്കുന്നു.

## കിടത്തിചികിത്സാ സേവനങ്ങൾ

എല്ലാ ആശുപത്രികളിലും കിടത്തി ചികിത്സാ സൗകര്യം ലഭ്യമാണ്. പ്രത്യേക ശ്രദ്ധയും പരിചരണവും ആവശ്യമായ ആരോഗ്യപ്രശ്നങ്ങളുള്ള രോഗികളെ കിടത്തി ചികിത്സിക്കുന്നതിനായി ആശുപത്രികളിൽ കിടത്തി ചികിത്സാ വിഭാഗം അഥവാ ഐ.പി.ഡി സജ്ജമാക്കിയിട്ടുണ്ട്.

## ക്ലിനിക്കൽ സേവനങ്ങൾ

- കിടത്തി ചികിത്സാ രജിസ്ട്രേഷൻ
- രോഗീ പരിശോധന
- രോഗ നിർണ്ണയം
- മരുന്ന് വിതരണം

## അനുബന്ധ സേവനങ്ങൾ

- അനുബന്ധ പരിചരണം (നെബുലൈസേഷൻ, ഇൻഫ്രാ റെഡ് തെറാപ്പി, ഫിസിയോ തെറാപ്പി മുതലായവ).
- ലബോറട്ടറി സേവനങ്ങൾ
- അൾട്രാസൗണ്ട്, എക്സ്-റെ തുടങ്ങിയ ഇമേജിങ്ങ് സേവനങ്ങൾ എന്നിവ ലഭ്യതയ്ക്കനുസരിച്ച്.
- ആഹാരക്രമം സംബന്ധിച്ച സേവനങ്ങൾ
- എല്ലാ ആശുപത്രികളിലും പുരുഷൻമാർക്കും സ്ത്രീകൾക്കും ശൗചാലയം, കുളിമുറി സൗകര്യങ്ങളോളോട്ടുകൂടിയ പ്രത്യേകം പ്രത്യേകം വാർഡുകൾ സജ്ജീകരിച്ചിട്ടുണ്ട്.

## തുടർ ചികിത്സ (രോഗികൾക്കായുള്ള തുടർ ആരോഗ്യപരിചരണം)

തുടർന്നുള്ള സന്ദർശനങ്ങളിലും രോഗികൾക്ക് തുടർച്ചയായ ആരോഗ്യ പരിചരണവും പിന്തുണയും നൽകുന്നു.

## സർട്ടിഫിക്കറ്റ് നൽകൽ

1) മെഡിക്കൽ സർട്ടിഫിക്കറ്റോ ആരോഗ്യ സംബന്ധമായ മറ്റ് സർട്ടിഫിക്കറ്റുകളോ ആവശ്യമുള്ള രോഗികൾ അതിനായുള്ള അപേക്ഷ നേരിട്ട് നിർദിഷ്ട മാതൃകയിൽ ഒ.പി. ചികിത്സാ വിഭാഗത്തിലെയോ കിടത്തി ചികിത്സാ വിഭാഗത്തിലെയോ രജിസ്റ്റർ ചെയ്ത വിശദാംശങ്ങളോടും തിരിച്ചറിയൽ രേഖയോടുമൊപ്പം മെഡിക്കൽ ഓഫീസർ/ചീഫ് മെഡിക്കൽ ഓഫീസർ/ ആശുപത്രി സുപ്രണ്ടിന് സമർപ്പിക്കേണ്ടതാണ്.
2) മെഡിക്കൽ സർട്ടിഫിക്കറ്റുകളും ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റുകളും അതത് സ്ഥാപനത്തിലെ ഒ.പി. വിഭാഗത്തിലോ ഐ.പി. വിഭാഗത്തിലോ രജിസ്റ്റർ ചെയ്തിട്ടുള്ള രോഗികൾക്ക് മാത്രമേ നൽകുകയുള്ളു.
3) സർട്ടിഫിക്കറ്റുകൾ നൽകുമ്പോൾ സർക്കാർ കാലാകാലങ്ങളിൽ ഫീസ് നിശ്ചയിച്ചിട്ടുണ്ടെങ്കിൽ ഈടാക്കുന്നതാണ്.
4) രോഗികൾക്കുള്ള ബുദ്ധിമുട്ട് ഒഴിവാക്കുന്നതിനായി സർട്ടിഫിക്കറ്റുകൾ നൽകുന്നതിനും/രേഖകൾ സാക്ഷ്യപ്പെടുത്തുന്നതിനുമുള്ള സമയം പ്രദർശിപ്പിച്ചിട്ടുണ്ട്.

5) സർട്ടിഫിക്കറ്റുകൾ നൽകൽ, സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തൽ എന്നിവയുൾപ്പെടെ ആശുപത്രിയിൽ നിന്നും ലഭ്യമാകുന്ന ഇതര സേവനങ്ങളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്നതിനായി രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടുണ്ട്.

റഫറൽ സേവനങ്ങൾ

വിദഗ്ധ ചികിത്സ ആവശ്യമുള്ള രോഗികളെ ഉന്നത കേന്ദ്രങ്ങളിലേക്കോ സീതാലയം, സദ് ഗമയ, ജനനി, ആയുഷ്മാൻ ഭവ, വയോജന ചികിത്സ കേന്ദ്രം, കാൻസർ ക്ലിനിക്ക് തുടങ്ങിയ സ്പെഷാലിറ്റി കേന്ദ്രങ്ങളിലേക്കോ ആവശ്യാനുസരണം റഫർ ചെയ്യുന്നതാണ്.

ഇതര സേവനങ്ങൾ

1) അതത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പരിധിയിൽ വരുന്ന അംഗനവാടികൾ, വൃദ്ധസദനങ്ങൾ, അനാഥ മന്ദിരങ്ങൾ, ഗോത്രവർഗ ഊരുകൾ, ലേബർക്യാമ്പുകൾ, പട്ടികജാതി കോളനികൾ തുടങ്ങിയ ഇടങ്ങളിൽ കൃത്യമായ ഇടവേളകളിൽ സന്ദർശനം നടത്തുന്നു.
2) സാംക്രമികരോഗങ്ങളും സാംക്രമികേതരരോഗങ്ങളും തടയുന്നതിനുള്ള പ്രതിരോധമാർഗ്ഗങ്ങൾ സ്വീകരിക്കുന്നു.
3) മെഡിക്കൽ ക്യാമ്പുകളും, പ്രതിരോധ മെഡിക്കൽ ക്യാമ്പുകളും സംഘടിപ്പിക്കുന്നു.
4) ആരോഗ്യ ശുചിത്വ ബോധവൽക്കരണം നടത്തുന്നു.
5) സർക്കാരിന്റെ വിവിധ പരിപാടികളും, പ്രചാരണങ്ങളും നടത്തുന്നു.
6) സാന്ത്വന പരിചരണ ഗൃഹസന്ദർശനം പാലിയേറ്റീവ് പരിചരണ പദ്ധതിയോടൊപ്പം നടത്തുന്നു.

## സർക്കാർ ഹോമിയോ ഡിസ്പെൻസറി

പ്രവൃത്തി സമയം

രാവിലെ 9 മണി മുതൽ ഉച്ചയ്ക്ക് 2 മണി വരെ

ഡിസ്പെൻസറികളുടെ പ്രവർത്തനവും സേവനങ്ങളും

ആരോഗ്യവുമായി ബന്ധപ്പെട്ട് ചികിത്സാപരവും, രോഗപ്രതിരോധപരവും ആരോഗ്യാഭിവൃദ്ധിപരവും സാന്ത്വനചികിത്സാപരവും ആയ ആരോഗ്യസേവനങ്ങൾ ലഭ്യമാക്കുന്ന സ്ഥാപനങ്ങളാണ് ഹോമിയോപ്പതി ഡിസ്പെൻസറികൾ.

- ഒ.പി. വിഭാഗത്തിലൂടെ രോഗികൾക്ക് ഹോമിയോപ്പതി വൈദ്യപരിചരണം ലഭ്യമാക്കുന്നു
- പകർച്ചവ്യാധികൾ തടയുന്നതിനായി പ്രതിരോധനടപടികൾ സ്വീകരിക്കുന്നു
- ഹോമിയോപ്പതി വകുപ്പിന് കീഴിലെ വിവിധ പ്രൊജക്ടുകളുടെ നിർവഹണം നടത്തുന്നു.
- മെഡിക്കൽ ക്യാംപുകളും പ്രതിരോധ ക്യാംപുകളും സംഘടിപ്പിക്കുന്നു.
- പൊതുജനങ്ങൾക്കിടയിൽ സാംക്രമികേതര രോഗങ്ങൾ, ആരോഗ്യം, ശുചിത്വം എന്നിവയെക്കുറിച്ചുള്ള അവബോധം സൃഷ്ടിക്കുന്നു
- ദുരന്തങ്ങളുണ്ടാകുന്ന സന്ദർഭങ്ങളിൽ വൈദ്യസഹായം എത്തിക്കുന്നു.
- പ്രദേശവാസികൾക്കിടയിൽ ആരോഗ്യ അവബോധം/വ്യക്തിശുചിത്വബോധം എന്നിവ സൃഷ്ടിക്കുന്നു.

ഡിസ്പെൻസറികൾ പ്രധാനമായും നൽകുന്നത് രോഗശമനപരിചരണവും രോഗചികിത്സാസേവനങ്ങളുമാണ്. ഈ സേവനങ്ങൾക്ക് താഴെ പറഞ്ഞിരിക്കുന്ന രീതിയിലുള്ള ഘടകങ്ങളാണുള്ളത്.

I. ഔട്ട്പേഷ്യന്റ് സേവനം
II. തുടർ ചികിത്സ
III. സർട്ടിഫിക്കറ്റുകൾ നൽകൽ
IV. കൂടുതൽ സൗകര്യങ്ങളുള്ള കേന്ദ്രങ്ങളിലേക്കുള്ള റഫറൽ സേവനം
V. മറ്റ് സേവനങ്ങൾ

## തുടർ ചികിത്സ (രോഗികൾക്കായുള്ള തുടർ ആരോഗ്യപരിചരണം)

തുടർന്നുള്ള സന്ദർശനങ്ങളിലും രോഗികൾക്ക് തുടർച്ചയായ ആരോഗ്യ പരിചരണവും പിന്തുണയും നൽകേണ്ടതാണ്

## സർട്ടിഫിക്കറ്റ് നൽകൽ

1) മെഡിക്കൽ സർട്ടിഫിക്കറ്റോ ആരോഗ്യ സംബന്ധമായ മറ്റ് സർട്ടിഫിക്കറ്റുകളോ ആവശ്യമുള്ള രോഗികൾ അതിനായുള്ള അപേക്ഷ നേരിട്ട് നിർദിഷ്ട മാതൃകയിൽ ഒ.പി. ചികിത്സാ വിഭാഗത്തിലെയോ കിടത്തി ചികിത്സാ വിഭാഗത്തിലെയോ രജിസ്റ്റർ ചെയ്ത വിശദാംശങ്ങളോട്ടും തിരിച്ചറിയിൽ രേഖയോട്ടുമൊപ്പം

മെഡിക്കൽ ഓഫീസർ/ചീഫ് മെഡിക്കൽ ഓഫീസർ/ ആശുപത്രി സൂപ്രണ്ടിന് സമർപ്പിക്കേണ്ടതാണ്.

2) മെഡിക്കൽ സർട്ടിഫിക്കറ്റുകളും ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റുകളും അതത് സ്ഥാപനത്തിലെ ഒ.പി. വിഭാഗത്തിലോ ഐ.പി. വിഭാഗത്തിലോ രജിസ്റ്റർ ചെയ്തിട്ടുള്ള രോഗികൾക്ക് മാത്രമേ നൽകുകയുള്ളു.
3) സർട്ടിഫിക്കറ്റുകൾ നൽകുമ്പോൾ സർക്കാർ കാലാകാലങ്ങളിൽ ഫീസ് നിശ്ചയിച്ചിട്ടുണ്ടെങ്കിൽ ഈടാക്കുന്നതാണ്.
4) രോഗികൾക്കുള്ള ബുദ്ധിമുട്ട് ഒഴിവാക്കുന്നതിനായി സർട്ടിഫിക്കറ്റുകൾ നൽകുന്നതിനും/രേഖകൾ സാക്ഷ്യപ്പെടുത്തുന്നതിനുമുള്ള സമയം പ്രദർശിപ്പിച്ചിട്ടുണ്ട്
5) സർട്ടിഫിക്കറ്റുകൾ നൽകൽ, സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തൽ എന്നിവയുൾപ്പെടെ ആശുപത്രിയിൽ നിന്നും ലഭ്യമാകുന്ന ഇതര സേവനങ്ങളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്നതിനായി രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടുണ്ട്.

## കൂടുതൽ സൗകര്യങ്ങളുള്ള കേന്ദ്രങ്ങളിലേക്കുള്ള റഫറൽ സേവനങ്ങൾ

വിദഗ്ധ ചികിത്സ ആവശ്യമുള്ള രോഗികളെ ഉന്നത കേന്ദ്രങ്ങളിലേക്കോ സീതാലയം, സദ് ഗമയ, ജനനി, ആയുഷ്മാൻ ഭവ, വയോജന ചികിത്സ കേന്ദ്രം തുടങ്ങിയ സ്പെഷാലിറ്റി കേന്ദ്രങ്ങളിലേക്കോ ആവശ്യമെങ്കിൽ റഫർ ചെയ്യുന്നതാണ്.

## ഇതര സേവനങ്ങൾ

1) അതത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പരിധിയിൽ വരുന്ന അംഗനവാടികൾ, വൃദ്ധസദനങ്ങൾ, അനാഥ മന്ദിരങ്ങൾ, ഗോത്രവർഗ ഊരുകൾ, ലേബർക്യാമ്പുകൾ, ' പട്ടികജാതി കോളനികൾ തുടങ്ങിയ ഇടങ്ങളിൽ കൃത്യമായ ഇടവേളകളിൽ സന്ദർശനം നടത്തുന്നതാണ്.
2) സാംക്രമികരോഗങ്ങളും സാംക്രമികേതരരോഗങ്ങളും തടയുന്നതിനുള്ള പ്രതിരോധമാർഗ്ഗങ്ങൾ സ്വീകരിക്കുന്നു.
3) മെഡിക്കൽ ക്യാമ്പുകളും, പ്രതിരോധ മെഡിക്കൽ ക്യാമ്പുകളും സംഘടിപ്പിക്കുന്നു
4) ആരോഗ്യ ശുചിത്വ ബോധവൽക്കരണം നടത്തുന്നു.
5) സർക്കാരിന്റെ വിവിധ പരിപാടികളും, പ്രചാരണങ്ങളും നടത്തുന്നു.
6) സാന്ത്വന പരിചരണ ഗൃഹസന്ദർശനം നടത്തുന്നു.

ഡിസ്പെൻസറിയിലെ ജീവനക്കാരുടെ ഘടന

| വിഭാഗം-1 | വിഭാഗം -2 | വിഭാഗം-3 |
|---|---|---|
| സി.എം.ഒ/ എം.ഒ - 1 | സി.എം.ഒ/ എം.ഒ - 1 | സി.എം.ഒ/ എം.ഒ - 1 |
| ഫാർമസിസ്റ്റ്-1 | ഫാർമസിസ്റ്റ്-1 | ഡിസ്പെൻസർ-1 |
| അറ്റൻഡർ -1 | ഒ.എ-1 | ഡബ്ല്യു.സി.എസ്/എസ്.സി.ഒ.എ/ ഡബ്ല്യു.സി.ഒ.എ/പി.ടി.എസ് - 1 |
| പി.ടി.എസ് - 1 | പി.ടി.എസ് - 1 | |

(സി.എം.ഒ - ചീഫ് മെഡിക്കൽ ഓഫീസർ, എം.ഒ - മെഡിക്കൽ ഓഫീസർ, ഒ.എ- ഓഫീസ് അറ്റൻഡന്റ്, പി.ടി.എസ് - പാർട്ട് ടൈം സ്വീപ്പർ, ഡബ്ല്യു.സി.എസ് - വാച്ചർ കം സ്വീപ്പർ, എസ്.സി.ഒ.എ. - സ്വീപ്പർ കം ഓഫീസ് അറ്റന്റന്റ്, ഡബ്ല്യു.സി.ഒ.എ. - വാച്ചർ കം ഓഫീസ് അറ്റന്റന്റ്)

## മെഡിക്കൽ സ്റ്റോർ

### സെൻട്രൽ മെഡിക്കൽ സ്റ്റോർ

സെൻട്രൽ മെഡിക്കൽ സ്റ്റോർ ഹോമിയോപ്പതി ഡയറക്ടറേറ്റിലാണ് പ്രവർത്തിക്കുന്നത്. സെൻട്രൽ മെഡിക്കൽ സ്റ്റോറിൽ മരുന്നുകൾ സൂക്ഷിക്കുകയും മറ്റുള്ള സ്ഥാപനങ്ങളിലേക്ക്, മുഖ്യമായും തിരുവനന്തപുരം ജില്ലയിലും ആവശ്യമെങ്കിൽ മറ്റ് ജില്ലകളിലേക്കും, ആവശ്യാനുസരണം വിതരണം ചെയ്യുകയും ചെയ്യുന്നു.

### ജില്ലാ മെഡിക്കൽ സ്റ്റോർ

സ്ഥാപനങ്ങളിലേക്ക് ആവശ്യമായ മരുന്നുകൾ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ലഭ്യമാക്കേണ്ടതാണ്. അധികമായോ/അടിയന്തിരമായോ മരുന്നുകൾ ആവശ്യമായി വരികയാണെങ്കിൽ അത് ജില്ലാ മെഡിക്കൽ സ്റ്റോർ വഴി വകുപ്പ് വിതരണം ചെയ്യുന്നു. ഓരോ ജില്ലാ മെഡിക്കൽ സ്റ്റോറിന്റെയും അധികച്ചുമതല അതത് ജില്ലയിലെ ഒരു മെഡിക്കൽ ഓഫീസർക്കാണ്. തിരുവനന്തപുരം ജില്ലയിൽ ഒഴികെ മറ്റെല്ലാ ജില്ലകളിലും ജില്ലാ മെഡിക്കൽ സ്റ്റോർ പ്രവർത്തിക്കുന്നുണ്ട്. തിരുവനന്തപുരം ജില്ലയിൽ ഈ സേവനം ലഭ്യമാക്കുന്നത് സെൻട്രൽ മെഡിക്കൽ സ്റ്റോറാണ്.

## ഹോമിയോപ്പതി സ്ഥാപനങ്ങളുടെ പൊതുവായ നടത്തിപ്പ്

1) ഹോമിയോപ്പതി സ്ഥാപനങ്ങൾ പൊതുജനങ്ങൾക്ക് ഹോമിയോപ്പതി ആരോഗ്യപരിചരണം നൽകി വരുന്നു.
2) എല്ലാ സർക്കാർ ഹോമിയോപ്പതി സ്ഥാപനങ്ങളിലും രോഗികളെയെല്ലാം സൗജന്യമായി ചികിത്സിക്കുന്നതാണ്.
3) ഹോമിയോപ്പതി സ്ഥാപനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാർ സ്ഥാപനമേധാവിയുടെ നേരിട്ടുള്ള നിയന്ത്രണത്തിലായിരിക്കും.
4) പ്രവൃത്തി സമയം - സംസ്ഥാനത്തെ ഹോമിയോപ്പതി വകുപ്പിന് കീഴിൽ വരുന്ന വിവിധ ഹോമിയോപ്പതി സ്ഥാപനങ്ങളുടെ പ്രവൃത്തി സമയം താഴെ കാണിച്ച പ്രകാരമായിരിക്കും.

ആശുപത്രി ഒ.പി സമയം

- രാവിലെ 9 മണി മുതൽ ഉച്ചയ്ക്ക് 2 മണി വരെ (ഉച്ചയ്ക്ക് 1 മണി മുതൽ വൈകുന്നേരം 6 മണി വരെ എമർജൻസി ഒ.പി. മാത്രം)

ഡിസ്പെൻസറികളും പെരിഫറൽ ഒ.പിയും

- രാവിലെ 9 മണി മുതൽ ഉച്ചയ്ക്ക് 2 മണി വരെ

സെക്രട്ടറിയേറ്റിലെ സർക്കാർ ഹോമിയോ ഡിസ്പെൻസറി ഒ.പി

- രാവിലെ 10.30 മുതൽ ഉച്ചയ്ക്ക് 2 വരെ ഉച്ചക്ക് 3.30 മുതൽ 5.30 വരെ

## ഹോമിയോപ്പതി വകുപ്പിലെ വിവിധ സ്പെഷ്യാലിറ്റി ചികിത്സാപദ്ധതികൾ

### കൗമാര ആരോഗ്യപരിചരണ/പെരുമാറ്റ വൈകല്യ പരിഹാര പദ്ധതി - സദ്ഗമയ

ഹോമിയോപ്പതി വകുപ്പ് കൗമാര ആരോഗ്യപരിചരണത്തിനായി ആവിഷ്കരിച്ച പദ്ധതിയാണ് സദ്ഗമയ. 19 വയസ്സിന് താഴെയുള്ള കുട്ടികളുടെ ആരോഗ്യപ്രശ്നങ്ങൾ, പെരുമാറ്റ/വളർച്ച/പഠന വൈകല്യങ്ങൾ എന്നിവയിൽ പ്രത്യേക ശ്രദ്ധയൂന്നിക്കൊണ്ട് അവരെ ശാരീരിക, മാനസിക, വൈകാരിക, സാമൂഹിക ക്ഷേമം കൈവരിക്കാൻ പ്രാപ്തരാക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. കേരളത്തിലെ എല്ലാ ജില്ലയിലും ഓരോ സദ്ഗമയ കേന്ദ്രമുണ്ട്. ഇവ റഫറൽ കേന്ദ്രങ്ങളാണ്. ഇവിടെ ഒരു വിദഗ്ധ ഡോക്ടറെ കൂടാതെ സ്പെഷ്യൽ എഡ്യൂക്കേറ്ററിന്റെയും ആശുപത്രിയിലെ സൈക്കോളജിസ്റ്റിന്റെയും സേവനം ലഭ്യമാണ്.

### വനിതാ ആരോഗ്യ സുരക്ഷാ - സാന്ത്വന പദ്ധതി (സീതാലയം)

സ്ത്രീകളുടെ മാനസിക ശാരീരിക വൈകാരിക ആരോഗ്യം ഉറപ്പുവരുത്തുന്നതിനും അവർക്കു നേരിടേണ്ടി വരുന്ന പീഡനങ്ങൾക്ക് പരിഹാരമാർഗം നിർദേശിക്കുന്നതിനും ഹോമിയോപ്പതി വകുപ്പ് ആവിഷ്കരിച്ച സ്പെഷ്യൽ ക്ലിനിക്കാണ് സീതാലയം.മെഡിക്കൽ സേവനങ്ങൾ, കുടുംബപ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള കൗൺസിലിംഗ്, നിയമ അവബോധം, പുനരധിവസിക്കപ്പെട്ട സ്ത്രീകളെ മുഖ്യധാരയിലേക്ക് നയിക്കുക എന്നീ സേവനങ്ങൾ സീതാലയം ലഭ്യമാക്കുന്നു.

### പുനർജ്ജനി (ലഹരി വിമുക്ത പദ്ധതി)

2012 ൽ സീതാലയത്തിനു കീഴിൽ ആരംഭിച്ച ലഹരി വിമുക്തി ക്ലിനിക്ക് ആണ് പുനർജ്ജനി. മദ്യം,പുകയില, മയക്കു മരുന്നുകൾ, തുടങ്ങിയ ലഹരി വസ്തുക്കളുടെ പിടിയിൽ നിന്നും മുക്തി നേടുന്നതിനുള്ള ഫലപ്രദവും ആദായകരവുമായ ചികിത്സാ പദ്ധതിയാണിത്. ഹോമിയോ മരുന്നുകൾക്ക് പുറമെ രോഗിക്കും കുടുംബാംഗങ്ങൾക്കും (ആവശ്യമുണ്ടെങ്കിൽ) ഉള്ള കൗൺസലിംഗ്, യോഗപരിശീലനം തുടങ്ങിയവയും ഇതിൽ ഉൾപ്പെടുന്നു. പദ്ധതി തുടങ്ങിയതിനു ശേഷം നാളിതുവരെ ആയിരത്തിലധികം പേർക്ക് ഒ.പി യിലും നൂറിൽപ്പരം ആളുകൾക്ക് ഐ .പി യിലും ലഹരി മുക്ത ചികിത്സ നൽകിയിട്ടുണ്ട്. ഫലപ്രദമായ ചികിത്സയ്ക്കു ശേഷം അവരൊക്കെ സക്രിയമായ കുടുംബ ജീവിതം പുനരാരംഭിച്ചിട്ടുണ്ട്. വകുപ്പിൽ പുനർജ്ജനി പദ്ധതിയിലൂടെ കിടത്തി ചികിത്സ നൽകുന്നത് കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളി ഗവ.ഹോമിയോ ആശുപത്രിയിലാണ്.

### ആയുഷ്മാൻ ഭവ: (ആധുനിക ജീവിതശൈലി രോഗപ്രതിരോധത്തിനും ചികിത്സയ്ക്കുമുള്ള ആയുഷ് ഹോളിസ്റ്റിക് ചികിത്സാ കേന്ദ്രങ്ങൾ)

ഹോമിയോപ്പതി ചികിത്സക്കൊപ്പം യോഗ, പ്രകൃതി ജീവനം തുടങ്ങിയ ഇതര ചികിത്സാ സമ്പ്രദായങ്ങളെക്കൂടി സംയോജിപ്പിച്ചുകൊണ്ട് ജീവിതശൈലി രോഗങ്ങളായ പ്രമേഹം, രക്തസമ്മർദ്ദം, കൊളസ്ട്രോൾ, പക്ഷാഘാതം, ക്യാൻസർ, തുടങ്ങിയവയ്ക്കുള്ള ചികിത്സ ലഭ്യമാക്കുന്ന പദ്ധതിയാണ് ആയുഷ്മാൻ ഭവ:

### പാലിയേറ്റീവ് പരിചരണ പദ്ധതി

ഗുരുതര രോഗങ്ങൾ, വാർദ്ധക്യ കാലത്തെ ആരോഗ്യപ്രശ്നങ്ങൾ എന്നിവയാൽ കിടപ്പിലായ രോഗികൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും ആവശ്യമായ ചികിത്സയും സാന്ത്വനവും ലഭ്യമാക്കുകയും അതു വഴി അവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുകയും

ചെയ്യുക എന്നതാണ് പാലിയേറ്റീവ് പരിചരണ പദ്ധതിയുടെ ലക്ഷ്യം. ഡിസ് പെൻസറി/എ.പി.എച്ച്.സി അടിസ്ഥാനമായുള്ള പ്രൈമറി പാലിയേറ്റിവ് കെയർ വഴി ഹോം വിസിറ്റുകൾ നടത്തിവരുന്നു. ജില്ലാ ആശുപത്രികളിൽ പ്രവർത്തിക്കുന്ന സെക്കന്ററി സെന്ററുകളിൽ ഒപി (ആഴ്ചയിൽ ഒരു ദിവസം), കിടത്തി ചികിത്സ (ഐ.പി), ഹോം വിസിറ്റുകൾ എന്നീ സേവനങ്ങൾ ലഭ്യമാക്കുന്നു.

ജനനി (വന്ധ്യതാ നിവാരണ കേന്ദ്രങ്ങൾ)

വന്ധ്യതാനിവാരണ ചികിത്സയ്ക്കായുള്ള ഹോമിയോപ്പതി വകുപ്പിന്റെ പദ്ധതിയാണ് ജനനി. സാധാരണ ജനങ്ങൾക്ക് ഫലപ്രദമായ വന്ധ്യതാ ചികിത്സ ലഭ്യമാക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

എൻഡോക്രൈൻ ഡിസോർഡർ കെയർ സെന്റർ

ഹോമിയോപ്പതി വകുപ്പിന്റെ കീഴിൽ എൻഡോക്രൈനോളജി സംബന്ധിച്ച അസുഖങ്ങളുടെ പ്രത്യേക ചികിത്സക്കായി ഇടുക്കിയിലും തിരുവനന്തപുരത്തും എൻഡോക്രൈൻ ഡിസോർഡർ കെയർ സെന്ററുകൾ പ്രവർത്തിച്ച് വരുന്നു.

ജെറിയാട്രിക് -വയോജന പരിപാലന കേന്ദ്രങ്ങൾ

വയോജനങ്ങളുടെ രോഗപരിചരണങ്ങൾക്കും ചികിത്സയ്ക്കുമായി ഫിസിയോതെറാപ്പി യൂണിറ്റോട് കൂടിയ ജെറിയാട്രിക് കെയർ സെന്ററുകൾ കേരളത്തിലെ 7 ജില്ലകളിൽ പ്രവർത്തിക്കുന്നു (തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, കോഴിക്കോട്, വയനാട്, കാസറഗോഡ്)

ഫ്ലോട്ടിംഗ് ഹോമിയോ ഡിസ്പെൻസറികൾ

ആലപ്പുഴ ജില്ലയിലെ വെള്ളത്താൽ ചുറ്റപ്പെട്ട പ്രദേശങ്ങളിലെ ജനങ്ങൾക്ക് ആരോഗ്യപരിചരണ സേവനങ്ങൾ എത്തിക്കുന്നതിനായി ഹോമിയോപ്പതി വകുപ്പ് ആരംഭിച്ച പദ്ധതിയാണ് ഫ്ലോട്ടിങ് ഹോമിയോപ്പതി ഡിസ്പെൻസറി. കുട്ടനാട്, ചമ്പക്കുളം, ഹരിപ്പാട് എന്നിവിടങ്ങളിലായി 3 ഫ്ലോട്ടിംഗ് ഹോമിയോ ഡിസ്പെൻസറികൾ പ്രവർത്തിച്ചുവരുന്നു. ഒ.പി പരിശോധന, ഹോം വിസിറ്റ്, പ്രതിരോധ ചികിത്സകൾ, പ്രതിരോധ പ്രവർത്തനങ്ങളും ബോധവൽക്കരണ പ്രവർത്തനങ്ങളും തുടങ്ങിയവയായാണ് ഫ്ലോട്ടിംഗ് ഹോമിയോ ഡിസ്പെൻസറികൾ വഴി നൽകി വരുന്ന സേവനങ്ങൾ.

## താൽക്കാലിക ഹോമിയോ ഡിസ്പെൻസറികൾ

ഹോമിയോപ്പതി വകുപ്പിന്റെ കീഴിൽ കേരളത്തിലെ വിവിധ തീർഥാടന കേന്ദ്രങ്ങളായ ശബരിമല (പമ്പ, സന്നിധാനം, മുക്കുഴി, കമളി), ഗുരുവായൂർ, കരിക്കുമല, ശിവഗിരി, ഓച്ചിറ, കണിച്ചുകുളങ്ങര എന്നീ തീർത്ഥാടന കേന്ദ്രങ്ങൾ കേന്ദ്രീകരിച്ച് ഉത്സവ വേളകളിൽ താൽക്കാലിക ഡിസ്പെൻസറികൾ പ്രവർത്തിച്ചു വരുന്നു.

ഹോമിയോപ്പതി വകുപ്പിന്റെ നേതൃത്വത്തിൽ നെടുമ്പാശ്ശേരി എയർപോർട്ടിൽ ഹജ്ജ് തീർത്ഥാടകർക്കായി മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു വരുന്നു.

## സാംക്രമിക രോഗ നിയന്ത്രണ പ്രവർത്തനങ്ങൾ – RAECH

പകർച്ചവ്യാധി നിയന്ത്രണ പ്രവർത്തനങ്ങൾ ഏകീകരിക്കുന്നതിനായി ഹോമിയോപ്പതി വകുപ്പ് രൂപീകരിച്ച സംവിധാനമാണ് റീച്ച് (RAECH- റാപിഡ് ആക്ഷൻ എപിഡെമിക് കൺട്രോൾ സെൽ ഹോമിയോപ്പതി). റീച്ചിന്റെ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനും നടപ്പിലാക്കുന്നതിനും സംസ്ഥാന ജില്ലാ തലങ്ങളിൽ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. അതിൽ, ഹൈപവർ കമ്മിറ്റി (HPC), സ്റ്റേറ്റ് ലെവൽ എക്സ്പെർട്ട് ഗ്രൂപ്പ് (SLEG), ഡിസ്ട്രിക്ട് ലെവൽ എക്സ്പെർട്ട് ഗ്രൂപ്പ് (DLEG) എന്നിവ രൂപീകരിച്ചിട്ടുണ്ട്.
പകർച്ചവ്യാധി നിയന്ത്രണ പ്രവർത്തനങ്ങളുടെ ഭാഗമായി മെഡിക്കൽ ക്യാമ്പുകൾ, ബോധവത്കരണ ക്ലാസുകൾ എന്നിവ സംഘടിപ്പിക്കുക, പ്രതിരോധ മരുന്നുകൾ വിതരണം ചെയ്യുക എന്നിവ റീച്ചിന്റെ നേതൃത്വത്തിൽ നടന്നുവരുന്നു.

## ട്രൈബൽ മേഖലയിലെ പ്രവർത്തനങ്ങൾ

- സ്പെഷ്യാലിറ്റി മൊബൈൽ ക്ലിനിക്

ഇടുക്കി, വയനാട് ജില്ലകളിലെ യാത്രാ സൗകര്യം കുറഞ്ഞ മേഖലകളിൽ ഹോമിയോപ്പതി സേവനം ലഭ്യമാക്കുന്നതിന് മൊബൈൽ ഹോമിയോ ക്ലിനിക്കുകൾ പ്രവർത്തിക്കുന്നു. മെഡിക്കൽ ഓഫീസർ അടങ്ങുന്ന സംഘം രോഗികളെ പരിചരിക്കുകയും ബോധവത്കരണ ക്ലാസുകൾ, മെഡിക്കൽ ക്യാമ്പുകൾ എന്നിവ സംഘടിപ്പിക്കുകയും ചെയ്യുന്നു.

➢ പട്ടികജാതി സങ്കേതങ്ങളിലെ ഹോമിയോപ്പതി ഹെൽത്ത് സെന്ററുകൾ

കൊല്ലം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ എന്നീ ജില്ലകളിലായി പട്ടികജാതി കോളനികളിലെ ജനങ്ങളുടെ ആരോഗ്യ പരിപാലനത്തിനായി സ്പെഷ്യൽ കമ്പോണന്റ് പ്ലാൻ പ്രകാരം പട്ടികജാതി വകുപ്പിന്റെ ധനസഹായത്താൽ 29 ഹോമിയോപ്പതി ഹെൽത്ത് സെന്ററുകൾ പ്രവർത്തിച്ചുവരുന്നു.

## പെരിഫെറൽ ഒ.പി സെന്ററുകൾ

ഹോമിയോപ്പതി വകുപ്പിനു കീഴിൽ നിലവിൽ പ്രവർത്തിച്ചുവരുന്ന ഡിസ്പെൻസറികൾക്ക് പുറമെ സംസ്ഥാനത്ത് വിവിധ ജില്ലകളിലായി നിലവിൽ 40 പെരിഫറൽ ഒ.പി സെന്ററുകൾ പ്രവർത്തിച്ചു വരുന്നു. ഈ കേന്ദ്രങ്ങളിലൂടെ പൊതുജനങ്ങൾക്ക് ഹോമിയോപ്പതിയുടെ സേവനവും ചികിത്സയും നൽകി വരുന്നു.

## ആറളം ഫാം ആശുപത്രി

ഒപി, ഐപി, ആരോഗ്യ ബോധവൽക്കരണ പരിപാടികൾ, മെഡിക്കൽ ക്യാമ്പുകൾ, ട്രൈബൽ മൊബൈൽ യൂണിറ്റ് എന്നീ സേവനങ്ങൾ ആറളം ഫാം ആശുപത്രി വഴി നൽകുന്നു.

## പെയിൻ & പാലിയേറ്റീവ് ക്യാൻസർ കെയർ സെന്റർ വണ്ടൂർ, 'ചേതന'

മലപ്പുറം ജില്ലയിലെ വണ്ടൂരിൽ സാന്ത്വന പരിചരണത്തിനായി പെയിൻ & പാലിയേറ്റീവ് ക്യാൻസർ കെയർ സെന്റർ പ്രവർത്തിക്കുന്നു. ഒ.പി സേവനത്തോടൊപ്പം 10 കിടക്കകളോടു കൂടിയ ഐ.പി സൗകര്യവും ഇവിടെ ലഭ്യമാണ്.

## ഡിസാസ്റ്റർ മാനേജ്മെന്റ് വിഭാഗം

ഹോമിയോപ്പതി വകുപ്പിൽ ഡിസാസ്റ്റർ മാനേജ്മെന്റ് വിഭാഗം 2022-ൽ ആരംഭിച്ചു. ബ്രഹ്മപുരം തീപിടുത്തം താനൂർ ബോട്ട് ദുരന്തം, ചൂരൽ മല, മുണ്ടക്കൈ-മണ്ണിടിച്ചിൽ എന്നിവയിൽ ഫലപ്രദമായ ഇടപെടലുകൾ നടത്തി.

# വകുപ്പിലെ ഗവേഷണ പ്രവർത്തനങ്ങൾ

HEART (Homoeopathy Evidence Based Advanced Research & Training)

ഹോമിയോപ്പതി വകുപ്പിലെ മെഡിക്കൽ ഓഫീസർമാരുടെ ഗവേഷണ അഭിരുചി പ്രോത്സാഹിപ്പിക്കുന്നതിനായി 2022-ൽ ആരംഭിച്ച പദ്ധതിയാണ് HEART

എസ്.എ.ബി SAB (Scientific Advisory Board)

ഹോമിയോ ഡോക്ടർമാർ സമർപ്പിക്കുന്ന റിസർച്ച് പ്രൊപ്പോസലുകളിൽ മേൽ ഉപദേശം നൽകുന്നതിനായി കേരള സർക്കാർ ഹോമിയോപ്പതി വകുപ്പ് ഒരു ശാസ്ത്ര ഉപദേശക ബോർഡ് (എസ്എബി-ഡിഎച്ച്കെ) രൂപീകരിച്ചു. പ്രമുഖ ശാസ്ത്രജ്ഞർ, ബയോസ്റ്റാറ്റിഷ്യൻമാർ, ക്ലിനിഷ്യൻമാർ, ഇന്റർ ഡിസിപ്ലിനറി മേഖലകളിൽ നിന്നുള്ള വിദഗ്ധർ എന്നിവരാണ് എസ്.എ.ബി-ഡി.എ.ച്.കെ യിലെ അംഗങ്ങൾ.

ഇൻസ്റ്റിറ്റ്യൂഷണൽ എത്തിക്സ് കമ്മിറ്റി (IEC)

വകുപ്പിന്റെ ശാസ്ത്രീയമായ ഗവേഷണങ്ങൾക്ക് ഇൻസ്റ്റിറ്റ്യൂഷണൽ എത്തിക്സ് കമ്മിറ്റിയുടെ അംഗീകാരം ആവശ്യമാണ്. ഇതിനായി വകുപ്പിന്റെ കീഴിൽ എത്തിക്സ് കമ്മിറ്റി രൂപീകരിക്കുകയും പ്രൊവിഷണൽ രജിസ്ട്രേഷൻ ലഭ്യമാകുകയും ചെയ്തിട്ടുണ്ട്.

# പരാതിപരിഹാര സംവിധാനം

ഹോമിയോപ്പതി വകുപ്പിനു കീഴിലുള്ള സ്ഥാപനങ്ങളിലെല്ലാം പരാതിപരിഹാര സംവിധാനം നിലവിലുണ്ട്. സംസ്ഥാനത്തെ ആശുപത്രികളിൽ POSH 2013 ഇന്റേണൽ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കൂടാതെ പരാതികൾ സ്വീകരിക്കുന്നതിനായി ഡിസ്പെൻസറികളിലും ആശുപത്രിയിലും കംപ്ലയിന്റ് ബോക്സുകൾ/പരാതി പുസ്തകങ്ങൾ എന്നിവ സൂക്ഷിച്ചിട്ടുണ്ട്. കൂടാതെ നേരിട്ട് ലഭിക്കുന്ന പരാതികളും സ്വീകരിക്കുന്നുണ്ട്. ലഭിക്കുന്ന പരാതികൾ കൃത്യമായും പരിശോധിച്ച് ജില്ലാതലത്തിൽ തീർപ്പ് കൽപ്പിക്കുന്നുണ്ട്. മുഖ്യമന്ത്രിയുടെ പരാതി പരിഹാര സെൽ, ഇന്റേണൽ കംപ്ലൈന്റ് കമ്മിറ്റി, കരുതലും കൈത്താങ്ങും പോർട്ടൽ സജ്ജീകരിക്കുകയും ഇവയിലൂടെ പരാതികൾ സ്വീകരിച്ച് തീർപ്പാക്കി വരുന്നു.

## ഇ-ഓഫീസ് സംവിധാനം

ഹോമിയോപ്പതി വകുപ്പിൽ ഇ-ഓഫീസ് സംവിധാനം 2019 മുതൽ ഡയറക്ടറേറ്റിലും വകുപ്പിനു കീഴിലുള്ള എല്ലാ ജില്ലാ മെഡിക്കൽ ഓഫീസുകളിലും നടപ്പിലാക്കിയിട്ടുണ്ട്. തുടർന്ന് വകുപ്പിനുകീഴിലെ 14 ആശുപത്രികളിൽ ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കി. അവശേഷിക്കുന്ന 21 ആശുപത്രികളിൽ സ്റ്റേറ്റ് ഐ.ടി മിഷന്റെ സഹായത്തോടെ ഇ-ഓഫീസ് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇ-ഓഫീസ് പ്രാവർത്തികമാക്കിയിട്ടുള്ള 5 ജില്ലകളിലെ ആശുപത്രികളിലെ (തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട,ആലപ്പുഴ,കോട്ടയം) ജീവനക്കാർക്കുള്ള ഇ-ഓഫീസ് പരിശീലനം പൂർത്തീകരിച്ചു. രണ്ട് മുതൽ അഞ്ച് ഘട്ടങ്ങളിലായി അവശേഷിക്കുന്ന ജില്ലകളിലെ എല്ലാ ആശുപത്രികളിലും ഇ-ഓഫീസ് പരിശീലനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

## പഞ്ചിംങ് സംവിധാനം

ഹോമിയോപ്പതി ഡയറക്ടറേറ്റും ജില്ലാ മെഡിക്കൽ ഓഫീസുകളും 2023 ആഗസ്റ്റ് 1 മുതൽ സ്പാർക്ക് സോഫ്റ്റ് വെയറുമായി സംയോജിപ്പിച്ച് സ്പാർക്ക് ബന്ധിത ബയോമെട്രിക് അറ്റൻഡൻസ് സംവിധാനം നടപ്പിലാക്കി. വകുപ്പിനു കീഴിലുള്ള ആശുപത്രികളിലും ഡിസ്പെൻസറികളിലും ആധാർ അധിഷ്ഠിത പഞ്ചിംങ് മെഷീനുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. 2024 ഒക്ടോബറിൽ നാഷണൽ ഇൻഫോർമാറ്റിക്സ് സെന്ററിന്റെ ഫേസ് ആപ്പ് പഞ്ചിംങ് സംവിധാനം നിലവിൽ വന്നതോടുകൂടി ജീവനക്കാർക്ക് പഞ്ചിംങ് രേഖപ്പെടുത്തുന്നതിന് കൂടുതൽ ഉപയോഗപ്രദമായിട്ടുണ്ട്.

## ആയുഷ് ഹോമിയോപ്പതി ഇൻഫോർമേഷൻ മാനേജ്മെന്റ് സിസ്റ്റം (AHiMS2.0)

വകുപ്പിലെ പ്രവർത്തനങ്ങളുടെ വിവരശേഖരണക്ഷമത പരമാവധി വർദ്ധിപ്പിക്കുന്നതിനും ഫലപ്രദമായ അവലോകന-ആസൂത്രണ പ്രവർത്തനങ്ങൾ നടത്തുന്നതിനും ലക്ഷ്യമിട്ട്, ഹോമിയോപ്പതി ഡിപ്പാർട്ട്മെന്റ് 2019 നവംബർ 1-ന് ആരംഭിച്ച വെബ് അധിഷ്ഠിത ആപ്ലിക്കേഷൻ (സോഫ്റ്റ്‌വെയർ ഓട്ടോമേഷൻ & മാനേജ്മെന്റ് സിസ്റ്റം) ആണ് AHiMS (url: www.ahims.kerala.gov.in). സുരക്ഷാ പരിശോധന നടത്തി സംസ്ഥാന ഡാറ്റാ സെന്ററിൽ സോഫ്റ്റ്‌വെയർ ഹോസ്റ്റ് ചെയ്ത് പ്രവർത്തിച്ചുവരുന്നു. ഇതിലെ പ്രധാന മൊഡ്യൂളുകൾ വഴി ആശുപത്രി സ്ഥിതിവിവരക്കണക്കുകൾ, അസറ്റ്, മെഡിക്കൽ ക്യാമ്പുകൾ/ഔട്ട്റീച്ച് പ്രവർത്തനം, ഫണ്ട് വിനിയോഗം എന്നിവ കൃത്യമായി

നിരീക്ഷിച്ചുവരുന്നു. AHIMS 2.0 സോഫ്റ്റ്‌വെയറിന്റെ ഉദ്ഘാടനം 2023 ജൂലൈ 10-ന് ബഹുമാനപ്പെട്ട ആരോഗ്യ കുടുംബക്ഷേമ വകുപ്പ് മന്ത്രി ശ്രീമതി വീണാ ജോർജ്ജ് നിർവഹിച്ചു. 2024-2025 സാമ്പത്തിക വർഷത്തിൽ പുതിയ മോഡ്യൂളുകളായ ലാബോറട്ടറി,ടെലി മെഡിസിൻ,കൺസ്യൂക്ഷൻ എന്നിവ പ്രാവർത്തികമാക്കി.

ഹോമിയോപ്പതി വകുപ്പിന്റെ അഹിംസ് പബ്ലിക്ക് പോർട്ടൽ പ്രവർത്തന സജ്ജമായി വരുന്നു. ഇതോടൊപ്പം നവീകരിച്ച എം.ഹോമിയോ ആപ്പും ജനങ്ങൾക്ക് ലഭ്യമാകും. പബ്ലിക്ക് അപ്പോയിന്റ്മെന്റ് ബുക്കിംങ്, ഔട്ട് റീച്ച് ബുക്കിംങ്, ടെലിമെഡിസിൻ മോഡ്യൂളുകൾ, പൊതു ജനങ്ങൾക്കുള്ള പരാതി രജിസ്ട്രേഷൻ മൊഡ്യൂളുകൾ എന്നീ മൊഡ്യൂളുകളും അഹിംസ് പോർട്ടലിൽ പ്രവർത്തന സജ്ജമാക്കുന്നതാണ്. 664 (89%) സ്ഥാപനങ്ങളിൽ ഡിജിറ്റൽ ഒപി മൊഡ്യൂൾ പ്രവർത്തികമായി.

- ഓൺലൈൻ അപ്പോയിന്റ്മെന്റ് ബുക്കിംഗ് (പബ്ലിക് പോർട്ടൽ)
    - ❖ പൊതുജനങ്ങൾക്ക് ഹോമിയോപ്പതി സ്ഥാപനങ്ങളിലേക്ക് അപ്പോയിന്റ്മെന്റ് മുൻകൂറായി ബുക്ക് ചെയ്യുന്നതിനും ചികിത്സ വിവരങ്ങൾ അറിയുന്നതിനും ആയി പബ്ലിക് പോർട്ടൽ സജ്ജമാക്കിയിട്ടുണ്ട്. ഏറ്റവും അടുത്ത് സ്ഥിതി ചെയ്യുന്ന ഹോമിയോപ്പതി സ്ഥാപനങ്ങളുടെ ലൊക്കേഷൻ, ലഭ്യമായ സേവനങ്ങൾ എന്നിവ അപ്ഡേറ്റഡ് ആയി അറിയുന്നതിനും ഈ പോർട്ടൽ സഹായിക്കുന്നു.
    - ❖ സമയബന്ധിതമായി സേവനം ലഭ്യമാക്കാൻ അപ്പോയിന്റ്മെന്റ് സംവിധാനം സഹായിക്കുന്നു.. ഇതു വഴി മുതിർന്നവർക്കും (Senior citizens) ഗുരുതര രോഗലക്ഷണങ്ങൾ ഉള്ളവർക്കും കാലതാമസം കൂടാതെ ചികിത്സ ലഭിക്കുന്നു. വകുപ്പിന്റെ കീഴിലുള്ള ലബോറട്ടറികളിൽ നിന്നും ലഭ്യമാകുന്ന പരിശോധന വിവരങ്ങൾ ഈ പോർട്ടലിൽ ഓട്ടോമേറ്റ് ചെയ്യപ്പെട്ടിട്ടുണ്ട്. ആയതിനാൽ ലബോറട്ടറിയിൽ റിസൾട്ട് തയ്യാറാകുമ്പോഴേക്കും ഡോക്ടറുടെ ലോഗിനിലും രോഗിയുടെ പോർട്ടലിലും വിവരങ്ങൾ ലഭ്യമാകും.
    - ❖ പൊതുജനങ്ങൾക്ക് സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ പോർട്ടലിലൂടെ വിലയിരുത്താം. കൂടാതെ വ്യക്തികൾക്ക് അവരവരുടെ ദൈനംദിന ആരോഗ്യ വിവരങ്ങൾ രേഖപ്പെടുത്താനുള്ള സംവിധാനവും ഈ പോർട്ടലിൽ ലഭ്യമാണ്.

## ആയുഷ്മാൻ ഭാരത് ഡിജിറ്റൽ മിഷൻ (ABDM) ഇന്റഗ്രേഷൻ

ആയുഷ്മാൻ ഭാരത് ഡിജിറ്റൽ മിഷൻ ഇന്റഗ്രേഷന്റെ ഭാഗമായി മൈൽസ്റ്റോൺ 1 ന്റെ ഫങ്ഷണാലിറ്റി സർട്ടിഫിക്കറ്റ് ലഭിച്ചു. മൈൽസ്റ്റോൺ 2, മൈൽസ്റ്റോൺ 3 എന്നിവയുടെ ഡെവലപ്പ്മെന്റ് പൂർത്തിയാക്കി വരുന്നു.

## ഹോംകോ ഇ.ആർ.പി ഇന്റഗ്രേഷൻ

ചികിത്സക്ക് ആവശ്യമായ മരുന്നിന്റെ ലഭ്യതയും വിനിമയവും ഉറപ്പുവരുത്തുന്നതിനായി വകുപ്പിലെ സ്ഥാപനങ്ങളിലെ മെഡിസിൻ സ്റ്റോക്ക്, ജില്ലാ മെഡിക്കൽ സ്റ്റോറിൽ നിന്നുമുള്ള മരുന്നിന്റെ പർച്ചേസ്, ഹോംകോയിൽ നിന്നുള്ള മരുന്ന് വിതരണം എന്നിവ ഡിജിറ്റലൈസ് ചെയ്തു. കൂടാതെ സ്ഥാപനത്തിലെ സ്റ്റോക്ക്, ജില്ലാ മെഡിക്കൽ സ്റ്റോറിലെ സ്റ്റോക്ക് എന്നിവ ഇൻഡന്റായി തയ്യാറാക്കി ഉപയോഗത്തിൽ കൊണ്ടുവന്നു.

- വകുപ്പ്/സ്ഥാപനത്തിന്റെ നിയമങ്ങളും ചട്ടങ്ങളും

ഹോമിയോപ്പതി വകുപ്പുമായി ബന്ധപ്പെട്ട് നിലവിലുള്ള അടിസ്ഥാന പ്രമാണങ്ങൾ ഡെലിഗേഷൻ ഓഫ് പവർ, ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട്, വിവിധ തസ്തികകളിലേക്കുള്ള സ്പെഷ്യൽ റൂൾസ് എന്നിവയാണ്. നിലവിലുള്ള ഡെലിഗേഷൻ ഓഫ് പവർ ഭേദഗതി വരുത്തുന്നതിനും വകുപ്പ് മാനുവൽ രൂപീകരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

- സേവനാവകാശ നിയമം

2012 ലെ സേവനാവകാശ നിയമ പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ ഉപയോഗിച്ച് പൊതുജനങ്ങൾക്ക് ഈ വകുപ്പിൽ നിന്നും ലഭിക്കുന്ന സേവനങ്ങൾ സംബന്ധിച്ച വിവരം 2015 ഡിസംബറിൽ വിജ്ഞാപനം ചെയ്യുകയും ഇതു സംബന്ധിച്ച ബോർഡ് വകുപ്പിന്റെ കീഴിലുള്ള എല്ലാ സ്ഥാപനങ്ങളിലും പ്രദർശിപ്പിക്കുന്നതിനു നടപടി സ്വീകരിച്ചിട്ടുണ്ട്. 2024-2025 വർഷം സേവനാവകാശ നിയമ പ്രകാരം ആകെ 20 അപേക്ഷകൾ ലഭ്യമായിട്ടുണ്ട്.

## വകുപ്പിന്റെ മികച്ച പ്രവർത്തനങ്ങൾ

- എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ഹോമിയോപ്പതി ആരോഗ്യ സ്ഥാപനങ്ങൾ പ്രവർത്തിച്ചു വരുന്നു.
- NABH എൻട്രി ലെവൽ സർട്ടിഫിക്കേഷൻ - 102 സ്ഥാപനങ്ങൾക്ക് NABH എൻട്രി ലെവൽ സർട്ടിഫിക്കേഷൻ ലഭിച്ചു.
- KASH അക്രഡിറ്റേഷൻ - 3 ഡിസ്പെൻസറികൾക്ക് KASH അംഗീകാരം ലഭിച്ചു
- സർക്കാർ മാതൃകാ ഹോമിയോ ഡിസ്പെൻസറികൾ - സംസ്ഥാനത്തെ 196 ഹോമിയോ ഡിസ്പെൻസറികൾ ആവശ്യമായ രോഗീസൗഹൃദ സൗകര്യങ്ങൾ ഏർപ്പെടുത്തിക്കൊണ്ടും അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ചുകൊണ്ടും സർക്കാർ മാതൃകാ ഹോമിയോ ഡിസ്പെൻസറികളായി ഉയർത്തി.
- വകുപ്പിന് കീഴിലെ 250 സ്ഥാപനങ്ങളെ നാഷണൽ ആയുഷ് മിഷന്റെ സഹായത്തോടെ ആയുഷ് ഹെൽത്ത് ആന്റ് വെൽനെസ് സെന്ററുകളായി (AHWC) ഉയർത്തി.
- AHIMS 2.0 (ആയുഷ് ഹോമിയോപ്പതി ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം) പ്രവർത്തന സജ്ജമാക്കി.

  700-ൽ പരം സർക്കാർ ഹോമിയോപ്പതി സ്ഥാപനങ്ങളുടെ സേവനങ്ങൾ പൂർണ്ണമായും ഡിജിറ്റൽ രീതിയിൽ കൈകാര്യം ചെയ്യുന്ന രാജ്യത്തെ ഏക സോഫ്റ്റ്‌വെയർ.

  89% സർക്കാർ സ്ഥാപനങ്ങളിൽ ഡിജിറ്റൽ ഒ.പി സംവിധാനം (30/34 ആശുപത്രികൾ, 634/709 ഡിസ്പെൻസറികൾ).

  തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, വയനാട്, കണ്ണൂർ, കാസറഗോഡ് എന്നീ ജില്ലകളിൽ സമ്പൂർണ്ണ ഡിജിറ്റലൈസേഷൻ.
- സംസ്ഥാന സർക്കാരിന്റെ 2024 വർഷത്തെ മികച്ച വകുപ്പിനുള്ള ഭരണഭാഷ പുരസ്കാരം ഹോമിയോപ്പതി വകുപ്പിന് ലഭ്യമായി.
- ഡയറക്ടറേറ്റിലും സംസ്ഥാനത്തെ എല്ലാ ജില്ലാ മെഡിക്കൽ ഓഫീസുകളിലും ഇ-ഓഫീസ് നടപ്പിലാക്കി തിരുവനന്തപുരം,കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം എന്നീ ജില്ലകളിലെ 14 ആശുപത്രികളിൽ ഇ-ഓഫീസ് പ്രവർത്തനം ആരംഭിച്ചു. ബാക്കിയുള്ള ജില്ലകളിലെ ആശുപത്രികളിൽ ഇ-ഓഫീസ് നടപ്പിലാക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചു വരുന്നു
- തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം എന്നീ ജില്ലകളിലെ സ്ഥാപനങ്ങളിൽ ഫേസ് പഞ്ചിംഗ് പൂർത്തീകരിച്ചിട്ടുണ്ട്

## പ്രധാന ഓഫീസർമാരുടെ പേരും ഇമെയിൽ വിലാസവും

| ക്രമ നം | തസ്തിക/സ്ഥാപനം | ഓഫീസറുടെ പേര് | ഇമെയിൽ വിലാസം |
|---|---|---|---|
| 1. | ഡയറക്ടർ, ഹോമിയോപ്പതി ഡയറക്ടറേറ്റ് | ഡോ.എം.പി.ബീന | directorhomoeo@kerala.gov.in |
| 2 | ഡെപ്യൂട്ടി ഡയറക്ടർ, ഹോമിയോപ്പതി ഡയറക്ടറേറ്റ് | ഡോ.പ്രിയദർശിനി വി.കെ | ddhomoeo@kerala.gov.in |
| 3 | അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ഹോമിയോപ്പതി ഡയറക്ടറേറ്റ് | അജിത എ. കെ. എസ് | ajithamullakkal@gmail.com |
| 4 | അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് ഹോമിയോപ്പതി ഡയറക്ടറേറ്റ് | മനോജ് എൻ ആർ (പൂർണ്ണ അധിക ചുമതല) | manoj.359227@kerala.gov.in |

## ജില്ലാ മെഡിക്കൽ ഓഫീസർമാരുടെ പേരു വിവരങ്ങൾ

| ക്രമനം | സ്ഥാപനം | ഓഫീസറുടെ പേര് | ഇ-മെയിൽ വിലാസം |
|---|---|---|---|
| 1 | ജില്ലാ മെഡിക്കൽ ഓഫീസ് (ഹോമിയോ) കിഴക്കേകോട്ട, തിരുവനന്തപുരം - 695023 | ഡോ.പ്രിൻസി സെബാസ്റ്റ്യൻ | dmohomoeotvm@kerala.gov.in |
| 2 | ജില്ലാ മെഡിക്കൽ ഓഫീസ് (ഹോമിയോ) ഒന്നാം നില ജില്ലാ ആശുപത്രി തേവള്ളി പി ഓ തേവള്ളി പി.ഒ, പിൻ–691009 | ഡോ.വിനീത ആർ പുഷ്ക്കരൻ | dmohomoeoklm@kerala.gov.in |
| 3 | ജില്ലാ മെഡിക്കൽ ഓഫീസ് (ഹോമിയോ) 2-ാം നില, റവന്യൂ ടവർ അടൂർ. പി.ഒ, പത്തനംതിട്ട, പിൻ-691523 | ഡോ. ബിജുകുമാർ.ഡി | dmohomoeopta@kerala.gov.in |
| 4 | ജില്ലാ മെഡിക്കൽ ഓഫീസ് (ഹോമിയോ) രണ്ടാം നില കോഴിക്കോട്ടുങ്ങൽ ബിൽഡിങ് ഇരുമ്പുപാലം, ആലപ്പുഴ പിൻ–688011 | ഡോ. റംലത്ത് കുഴിക്കാട്ടിൽ (FAC) | dmohomoeoalp@kerala.gov.in |
| 5 | ജില്ലാ മെഡിക്കൽ ഓഫീസ് (ഹോമിയോ) ജില്ലാ മെഡിക്കൽ ആശുപത്രി ബിൽഡിംഗ്, എസ് എച്ച് മൗണ്ട്. നാഗമ്പടം, കോട്ടയം പിൻ – 686006 | ഡോ.മിനി കെ എസ് | dmohomoeoktm@kerala.gov.in |
| 6 | ജില്ലാ മെഡിക്കൽ ഓഫീസ് (ഹോമിയോ) തരണിയിൽ ബിൽഡിംഗ്, തൊടുപുഴ ഇടുക്കി – 685 584 | ഡോ.ഹരിലാൽ കെ എൻ | dmohomoeoidk@kerala.gov.in |
| 7 | ജില്ലാ മെഡിക്കൽ ഓഫീസ് (ഹോമിയോ) ഐ എം ജി ജംഗ്ഷൻ കുസുമഗിരി പി ഓ കാക്കനാട് എറണാകുളം, പിൻ – 682 030 | ഡോ.മേഴ്സി ഗോൺ സാൽവസ് | dmohomoeoekm@kerala.gov.in |
| 8 | ജില്ലാ മെഡിക്കൽ ഓഫീസ് (ഹോമിയോ) റൂം-34 ഗ്രൗണ്ട് ഫ്ലോർ സിവിൽ സ്റ്റേഷൻ തൃശൂർ, പിൻ – 680003 | ഡോ.ലീന റാണി | dmohomoeotsr@kerala.gov.in |
| 9 | ജില്ലാ മെഡിക്കൽ ഓഫീസ് (ഹോമിയോ)പാലക്കാട് സർക്കാർ ഹോമിയോ ആശുപത്രി ബിൽഡിംഗ് കൽപാത്തി.പി.ഒ, പിൻ - 678 003 | ഡോ.കവിത.പി.സി | dmohomoeopkd@kerala.gov.in |
| 10 | ജില്ലാ മെഡിക്കൽ ഓഫീസ് (ഹോമിയോ) ‘B1’ ബ്ലോക്ക് മൂന്നാം നില, സിവിൽ സ്റ്റേഷൻ, മലപ്പുറം -676 505 | ഡോ. സുമേഷ് പി | dmohomoeompm@kerala.gov.in |

| | | | |
|---|---|---|---|
| **11** | ജില്ലാ മെഡിക്കൽ ഓഫീസ് (ഹോമിയോ)<br>സിവിൽ സ്റ്റേഷൻ, '**B**' ബ്ലോക്ക്, മൂന്നാം നില, കോഴിക്കോട്, പിൻ-**673 020** | ഡോ.ഹന്നയാസ്മിൻ വയലിൽ | **dmohomoeokkd@kerala.gov.in** |
| **12** | ജില്ലാ മെഡിക്കൽ ഓഫീസ് (ഹോമിയോ)<br>'**A**' ബ്ലോക്ക്, രണ്ടാം നില,<br>സിവിൽ സ്റ്റേഷൻ, കല്പറ്റ,<br>വയനാട്, പിൻ – **673122** | ഡോ.അച്ചാമ്മ ലെനു തോമസ് | **dmohomoeownd@kerala.gov.in** |
| **13** | ജില്ലാ മെഡിക്കൽ ഓഫീസ് (ഹോമിയോ)<br>'**S**' ബ്ലോക്ക്, രണ്ടാം നില,<br>സിവിൽ സ്റ്റേഷൻ, കണ്ണൂർ, പിൻ – **670002** | ഡോ.ജ്യോതി കെ | **dmohomoeoknr@kerala.gov.in** |
| **14** | ജില്ലാ മെഡിക്കൽ ഓഫീസ് (ഹോമിയോ)<br>കാസറഗോഡ് പുതിയകോട്ട കാഞ്ഞങ്ങാട്, കാസറഗോഡ്, പിൻ - **671315** | ഡോ.രേഷ്മ എ കെ | **dmohomoeoksd@kerala.gov.in** |